**തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : Ajithkumar M P)**

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -ജീവനക്കാര്യം - കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലെ കേഡർ സ്റ്റെങ്ത്തിലെ വർദ്ധനവിനനുസൃതമായി ഓരോ ഗ്രേഡിലെയും ജീവനക്കാരുടെ റേഷ്യോ പു:നക്രമീകരിച്ചതനുസരിച്ച് മുൻ ഗ്രാമവികസന വകുപ്പിലെ അർഹരായ ജീവനക്കാർക്ക് റേഷ്യോ ഹയർ ഗ്രേഡ് പ്രൊമോഷൻ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ് നമ്പർ LSGD/PD/47919/2023-DEE4 തീയതി: 11-12-2024**

പരാമർശം:

1) തദ്ദേശസ്വയംഭരണ (ഇ.ആർ.എ) വകുപ്പിൽ നിന്ന് 21/10/2023 തീയതി പുറപ്പെടുവിച്ച സ.ഉ .(സാ ധാ ) 2069 / 2023 / LSGD നമ്പർ ഉത്തരവ്.
2) സ.ഉ.(പി) 27/2021/ധന തീയതി : 10/02/2021.
3) തദ്ദേശസ്വയംഭരണ (ഇ.ആർ.എ) വകുപ്പിന്റെ 14/08/2024 ലെ സ.ഉ (സാധാ) നം. 1528/2024/ത സ്വ ഭ വ -ഉത്തരവ്.
4) 06/09/2024 -ലെ LSGD/PD/8956/2024-DEE4 നമ്പർ ഉത്തരവ്.
5) 29/09/2024 - ലെ LSGD/PD/30149/2023-GEA1 നമ്പർ അന്തിമ സീനിയോറിറ്റി ലിസ്റ്റ്.
6) 10/08/2023 - ലെ LSGD/PD/47919/2023-DEE4 നമ്പർ ഉത്തരവ്.
7) 16/11/2023 - ലെ LSGD/PD/47919/2023-DEE4 നമ്പർ ഉത്തരവ്.
8) 13/09/2024 - ലെ LSGD/PD/47919/2023-DEE4 നമ്പർ ഉത്തരവ്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ല പഞ്ചായത്ത് ഓഫീസുകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തി വന്നിരുന്ന 14 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ ഈ വകുപ്പിന്റെ കേഡർ തസ്തികകളാക്കി മാറ്റി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും, ആയതിൽ 7 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ ഏകീകരിക്കപ്പെട്ട വകുപ്പുകളിലെ യോഗ്യതയുള്ള ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്മാരിൽ നിന്ന് സ്ഥാനക്കയറ്റം മുഖേന നിയമനം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ഇത്തരത്തിൽ സ്ഥാനക്കയറ്റം മുഖേന നിയമനം നടത്തേണ്ട 7 തസ്തികകൾ തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിലുണ്ടായിരുന്ന വകുപ്പുകൾക്ക് വിഭജിച്ച് നൽകിയിട്ടുള്ളതാണ്. ടൈപ്പിസ്റ്റുമാരുടെ സ്ഥാനക്കയറ്റത്തിന് വിഭജിച്ച് നൽകിയ 7 തസ്കികകൾ സ്ഥാനക്കയറ്റത്തിന് മാത്രമായി പരിമിതപ്പെടുത്തുന്നതിന് പകരം ആയവ പരാമർശം (2) അനുബന്ധം X1 കോളം (g) പ്രകാരം പുന:ക്രമീകരിക്കുവാൻ പരാമർശം (3) പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ഓരോ മുൻ വകുപ്പിലും ടി തസ്തികയിലെ കേഡർ സ്റ്റെങ്ത്തിൽ വരുന്ന വർദ്ധനവിനനുസൃതമായി ഓരോ ഗ്രേഡിലും ജീവനക്കാരുടെ എണ്ണം പുന:ക്രമീകരിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

പ്രസ്തുത ഉത്തരവ് പ്രകാരം മുൻ ഗ്രാമവികസന വകുപ്പിൽ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, സീനിയർഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികകളിലെ ജീവനക്കാരുടെ എണ്ണം

നിലവിൽ 2,2,2,4 എന്നത് യഥാക്രമം 3,3,3,3 ആകുന്നതാണ്. **ആയത് അനുസരിച്ച് സൂചന (6) (7) (8) പ്രകാരം റേഷ്യോ ഗ്രേഡ് പ്രൊമോഷൻ ലഭിച്ചിട്ടുള്ള ചുവടെ പറയുന്ന ജീവനക്കാർക്ക് 21/10/2023 പ്രാബല്യ തീയതി കണക്കാക്കി താഴെ പറയും പ്രകാരം റേഷ്യോ പ്രൊമോഷൻ പുനക്രമീകരിച്ച് ഉത്തരവാകുന്നു.**

| ക്രമ നമ്പർ | പേര്, നിലവിൽ സേവനമനുഷ്ഠിക്കുന്ന ഓഫീസ് | നിലവിലെ തസ്തിക (21/10/2023 പ്രാബല്യ തീയതി) | സ്ഥാനക്കയറ്റം നൽകിയ തസ്തിക | ഗ്രേഡ് പ്രൊമോഷൻ അനുവദിക്കുന്ന പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | ശ്രീമതി ശുഭ പി ആർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സീനിയർ ഗ്രേഡ്. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ്. (സൂചന (7) ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ) | 21/10/2023 ഉത്തരവ് തീയതി മുതൽ |
| 2 | ശ്രീമതി റോഷ്നി ആർ ഷാജി, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I .(സൂചന (7) ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ) | 21/10/2023 ഉത്തരവ് തീയ്യതി മുതൽ |
| 3 | ശ്രീമതി വിജിത റ്റി എം പ്രിൻസിപ്പൽ ഡയറക്ടറേറ്റ് | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I . സൂചന (8) ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ) | 21/10/2023 ഉത്തരവ് തീയ്യതി മുതൽ |

പരാമർശം (5) ***അന്തിമ സീനിയോറിറ്റി ലിസ്റ്റിലെ ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് അവരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള തീയതി പ്രാബല്യത്തിൽ*** റേഷ്യോ ഗ്രേഡ് പ്രൊമോഷൻ അനുവദിച്ച് നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയത്തിൽ നിലനിർത്തി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, നിലവിൽ സേവനമനുഷ്ഠിക്കുന്ന ഓഫീസ് | നിലവിലെ തസ്തിക | സ്ഥാനക്കയറ്റം നൽകുന്ന തസ്തിക | ഗ്രേഡ് പ്രൊമോഷൻ അനുവദിക്കുന്ന പ്രാബല്യ തീയതി | പ്രൊമോഷൻ തസ്തികയിലെ ശമ്പള സ്കെയിൽ |
|---|---|---|---|---|---|
| 1 | ശ്രീമതി ജിൻസി വെറോണിക്ക, ഫെർണാണ്ടസ് കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറേറ്റ് | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ്. | 01/11/223 തീയതി മുതൽ | 55200-115300 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2 | ശ്രീമതി ടീന വി,<br>പ്രിൻസിപ്പൽ ഡയറക്ടറേറ്റ് | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് . | 21/10/2023 ഉത്തരവ് തീയ്യതി മുതൽ | 43400-91200 |
| 3 | ശ്രീമതി റോഷ്നി ആർ ഷാജി,<br>പ്രിൻസിപ്പൽ ഡയറക്ടറേറ്റ് | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് | 01/11/2023 തീയതി മുതൽ | 43400-91200 |
| 4 | ശ്രീമതി വിജിത റ്റി എം<br>പ്രിൻസിപ്പൽ ഡയറക്ടറേറ്റ് | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് | 01/06/2024 തീയതി മുതൽ | 43400-91200 |
| 5 | ശ്രീമതി രാജി ആർ<br>പ്രിൻസിപ്പൽ ഡയറക്ടറേറ്റ് | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II . | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I . | 21/10/2023 ഉത്തരവ് തീയ്യതി മുതൽ | **39300-83000** |

Ajithkumar M P
ADDITIONAL DIRECTOR

പകർപ്പ്:
1. ബന്ധപ്പെട്ട ജീവനക്കാർക്ക്
2. ജില്ല ജോയിന്റ് ഡയറക്ടർ, കൊല്ലം
3. പ്രിൻസിപ്പൽ ഡയറക്ടറുടെ CA-യ്ക്ക്
4. സൂപ്രണ്ട് ജി ഇ എ സെക്ഷൻ

5 സൂപ്രണ്ട് ഐ ഇ സെക്ഷൻ
6 സൂപ്രണ്ട് ഐ റ്റി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7 കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Ajith Kumar M P
Date: 11-12-2024 15:37:08